LIBRARY ARCHIVES Kerala Legislative Assembly.

കടലോരത്തെ അമൂല്യ ഔഷധച്ചെടികളേയും ധാതുലവണങ്ങളേയും സംബന്ധിച്ച പഠനം

*10 [390] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
,, സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കടലോര മത്സ്യബന്ധനത്തിനുപുറമേ അമൂല്യ ഔഷധ ചെടികളേയും ധാതുലവണങ്ങളേയും സംബന്ധിച്ച് പഠനം നടന്നിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയത് എന്ന് അറിയിക്കാമോ; വിശദാംശം വെളിപ്പെടുത്താമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പഠനം നടത്തിയില്ലെങ്കിൽ സമയബന്ധിതമായി നടത്താൻ ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുമോ;

(സി) ഔഷധച്ചെടികളേയും ധാതുലവണങ്ങളേയും സംബന്ധിച്ച് വിദേശ ട്രോളറുകൾ രഹസ്യ നിരീക്ഷണം നടത്തിയെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ പഠനം നടത്തിയിട്ടില്ല. എന്നാൽ കൊച്ചിയിലെ കേന്ദ്ര മത്സ്യ ഗവേഷണസ്ഥാപനവും ഐ. ആർ. ഇ., സി. ഇ. എസ്. എസ്. എന്നീ കേന്ദ്രഗവൺമെന്റ് ഏജൻസികളും പഠനം നടത്തിയതായി അറിയുന്നു. റിപ്പോർട്ടിന്റെ കോപ്പി ലഭ്യമല്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ആശുപത്രി ഉപകരണങ്ങൾ

*11 [391] ശ്രീ. എ. കെ. ബാലൻ:
,, കെ. രാധാകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽകോളേജ് ആശുപത്രികളടക്കമുള്ള ആശുപത്രികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ആശുപത്രികൾക്കാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ സഹായം ഉപയോഗിച്ച് എത്രകോടി രൂപയുടെ ഉപകരണങ്ങളാണ് ഈ സർക്കാർ വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്രം അനുവദിച്ച തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടും ഉപകരണങ്ങൾ വാങ്ങിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർക്കാർ ആശുപത്രികൾക്കാവശ്യമുള്ള ലക്ഷക്കണക്കിന് രൂപ വിലയുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടും വർഷങ്ങളായി പ്രസ്തുത ഉപകരണങ്ങൾ പല ആശുപത്രികളിലും ഉപയോഗിക്കപ്പെടാതെ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതുമൂലം സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് അനുസരണമായി ഉപകരണങ്ങളുടെ ആവശ്യകത കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് വിധേയമായും വിദഗ്ദ്ധ സമിതിയുടേയും പർച്ചേസ് കമ്മിറ്റിയുടെയും ശുപാർശകളുടെ അടിസ്ഥാനത്തിലുമാണ് ആശുപത്രികൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നത്.

(ബി—ഡി) ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ച ധനസഹായം ഇപ്രകാരമാണ്. ഓരോ സ്ഥാപനത്തിനും അനുവദിച്ചു കിട്ടിയ തുകയും ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുകയും ഇനി പറയുന്നു.

	സ്ഥാപനം	*അനുവദിച്ചു കിട്ടിയ തുക (രൂപ കോടിയിൽ)*	*ചെലവഴിച്ച തുക (രൂപ കോടിയിൽ)*
1.	തിരുവനന്തപുരം മെഡിക്കൽ കോളേജ്	1.50	1.20
2.	കോട്ടയം മെഡിക്കൽ കോളേജ്	2.00	2.00
3.	തൃശ്ശൂർ മെഡിക്കൽ കോളേജ്	1.80	1.80
4.	കോഴിക്കോട് മെഡിക്കൽ കോളേജ്	1.42	ടെണ്ടറുകൾ ക്ഷണിച്ചു
5.	റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി, തിരുവനന്തപുരം	3.00	1.25
6.	കൊല്ലം, എറണാകുളം, പാലക്കാട് എന്നീ മേഖലാ ഡയഗണോസ്റ്റിക് സെന്ററുകൾ (11-ാം ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരം)	6.56	ഭരണാനുമതി നൽകിയിട്ടുണ്ട്

അനുവദിച്ചുകിട്ടിയ തുകകൊണ്ട് അതാതു സ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾവാങ്ങുന്നതിനും തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അടിസ്ഥാന സൗകര്യങ്ങളുടേയും സാങ്കേതിക പരിജ്ഞാനം ലഭിച്ച വിദഗ്ദ്ധരുടേയും അഭാവംമൂലവുമാണ് ചില ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നത്. ഇതിനു പരിഹാരമായി ആരോഗ്യ വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായുള്ള "സ്റ്റേറ്റ് ഹോസ്പിറ്റൽ എക്യുപ്മെന്റ്സ് പെർഫോമൻസ് മോണിട്ടറിംഗ് സെൽ" രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(എഫ്) നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല.

എയിഡ്സ് ബാധിതർക്ക് സൗജന്യ ചികിത്സാ പദ്ധതി

*12 [392] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ കെ. കുട്ടി അഹമ്മദ് കുട്ടി:

„ സി. മോയിൻ കുട്ടി:

„ കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുപതിനായിരത്തോളം എച്ച്.ഐ.വി. വാഹകരുള്ള നമ്മുടെ സംസ്ഥാനത്ത് എയിഡ്സ് രോഗ ബാധിതർക്ക് സൗജന്യ മരുന്ന് വിതരണം ചെയ്യുന്ന പദ്ധതിക്കുവേണ്ടി മരുന്ന് ലഭ്യമാക്കാനുള്ള കരാർ ഏതെല്ലാം കമ്പനികൾക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ദീർഘകാലത്തെ ചികിത്സകൊണ്ടുമാത്രം ഭേദമാകുന്ന എയ്ഡ്സിന് ഹ്രസ്വകാല ചികിത്സാ പദ്ധതി ആവിഷ്ക്കരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഹ്രസ്വകാല ചികിത്സയ്ക്കുശേഷം സ്വന്തം ചെലവിൽ മരുന്ന് വാങ്ങേണ്ടി വരുന്നതുമൂലം ഭീമമായ തുക രോഗികൾക്ക് ചെലവഴിക്കേണ്ടി വരുമെന്ന കാര്യം മുൻകൂട്ടി കണ്ടിട്ടുണ്ടോ;

(ഡി) ഇത് കുത്തക മരുന്ന് കമ്പനികൾക്ക് സഹായകമായ സാഹചര്യം സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) എയ്ഡ്സ് ബാധിതർക്ക് സൗജന്യ മരുന്ന് വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകി വരുന്നതേയുള്ളൂ. ഇത് സംബന്ധിച്ച് ഏതെങ്കിലും കമ്പനികളുമായി കരാറുകളിലോ ധാരണാപത്രത്തിലോ ഇതുവരെ ഏർപ്പെട്ടിട്ടില്ല.

(ബി) നിലവിലുള്ള ഒരു ചികിത്സാ രീതിയും ദീർഘകാലം കൊണ്ടോ ഹ്രസ്വകാലം കൊണ്ടോ എയ്ഡ്സിനെ പൂർണ്ണമായും ഭേദമാക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. എന്നാൽ ആന്റി റിട്രോ വൈറൽ ഡ്രഗ്സ് (ARV) എന്നറിയപ്പെടുന്ന മരുന്നുകൾ കഴിച്ച് ജീവിതകാലം ദീർഘിപ്പിക്കാനാവുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ മരുന്നുകൾ ഡോക്ടർമാരുടെ നിരീക്ഷണത്തിലും, ഓരോ രോഗിയും വ്യത്യസ്തമായ രീതിയിലുമാണ് നൽകേണ്ടത്. ഒന്നാംഘട്ടത്തിൽ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കാലക്രമേണ എല്ലാ ജില്ലാതല ആശുപത്രികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഒരു ദീർഘകാല ആരോഗ്യ പദ്ധതിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly